Draft #1 of File 9264/AD A4/3/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 15-Jun-2020 03:06 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണനിർവ്വഹണം-കോവിഡ്-19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിവിധ ഏജൻസികൾ/മന്ത്രാലയങ്ങൾ എന്നിവയും സർവ്വകലാശാലയും സംഘടിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗിന് സാങ്കേതിക സഹായം-സീനിയർ ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എഞ്ചിനീയറെ ചുമതലപ്പെടുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 2583/AD A 4/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.06.2020

---

*പരാമർശം:-*കുറിപ്പ് നം.വി.സി.702/01/063/2020 തിയതി 11-06-2020

**ഉത്തരവ്**

കോവിഡ്-19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിവിധ ഏജൻസികൾ/മന്ത്രാലയങ്ങൾ എന്നിവയും സർവ്വകലാശാലയും സംഘടിപ്പിക്കുന്ന മീറ്റിംഗുകൾ/മുഖാമുഖങ്ങൾ എന്നിവ വീഡിയോ കോൺഫറൻസിംഗ് വഴിയാക്കിയ സാഹചര്യത്തിൽ സർവ്വകലാശാലയിൽ ഇത്തരം മീറ്റിംഗുകൾക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും വെബിനാറുകൾ/വീഡിയോ കോൺഫറൻസിംഗ് എന്നിവ സംഘടിപ്പിക്കുന്നതിനും സർവ്വകലാശാലയിലെ സീനിയർ ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശപ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

വെബിനാറുകൾ/വീഡിയോ കോൺഫറൻസിംഗ് എന്നിവ സംഘടിപ്പിക്കുവാൻ നിയോഗിക്കപ്പെടുന്ന സെക്ഷനുകൾ/ഉദ്യോഗസ്ഥർ പ്രസ്തുത വിവരം സീനിയർ ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എഞ്ചിനീയർക്ക് കൈമാറി ടിയാളുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

പ്രസ്തുത വെബിനാറുകൾ/വീഡിയോ കോൺഫറൻസിംഗ് എന്നിവയുടെ മിനിറ്റ്സുകൾ രേഖപ്പെടുത്തേണ്ട ചുമതല അതാത് സെക്ഷനുകൾക്കായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സീനിയർ ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എഞ്ചിനീയർ
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ  പി.എസ്-മാർ
3. രജിസ്ട്രാർ, സി.ഇ, എഫ്.ഒ എന്നിവരുടെ പി.എ-മാർ
4. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ
5. CETEX/PRO/IQAC
6. കണ്ടെന്റ് മാനേജ്മെന്റ്
7. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 9264/AD A4/3/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 15-Jun-2020 03:06 PM - Page 2